ശുദ്ധിയ്ക്കായ് നീ യേശു സമീപെ പോയോ?
കുളിച്ചോ കുഞ്ഞാട്ടിൻ രക്തത്തിൽ?
പൂർണ്ണാശ്രയം ഈ നിമിഷം തൻ കൃപ
തന്നിൽ വച്ചോ ശുദ്ധിയായോ നീ –2

കുളിച്ചോ? കുഞ്ഞാട്ടിൻ ആത്മശുദ്ധി നൽകും
രക്തത്തിൽ
ഹിമം പോൽ നിഷ്കളങ്കമോ നിൻ അങ്കി
കുളിച്ചോ കുഞ്ഞാട്ടിൻ രക്തത്തിൽ?

അനുദിനം രക്ഷകൻ പക്ഷത്തോ നീ
ശുദ്ധിയായ് നടന്നീടുന്നത്?
ക്രൂശേറിയ കർത്തനിൽ നിനക്കുണ്ടോ
വിശ്രമം നാഴിക തോറുമെ
കുളിച്ചോ...
കർത്തൻ വരവിൽ നിൻ അങ്കി ശുദ്ധമോ
ഏറ്റവും വെണ്മയായ് കാണുമോ?
സ്വർപ്പുരത്തിൽ വാസം ചെയ്യീടാൻ യോഗ്യ-
പാത്രമായ് തീരുമോ അന്നാളിൽ
കുളിച്ചോ...
പാപക്കറ ഏറ്റ അങ്കി നീ നീക്കി
കുഞ്ഞാട്ടിൻ രക്തത്തിൽ കുളിക്ക
ജീവനീർ ഒഴുകുന്നു അശുദ്ധർക്കായ്
കുളിച്ചു ശുദ്ധിയായീടുക
കുളിച്ചോ...